**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2024 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | വ്യവസായ വകുപ്പ് മുഖാന്തിരം ഗുരുവായൂർ മണ്ഡലത്തിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട് മുനിസിപ്പാലിറ്റി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്, ഏങ്ങണ്ടിയൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ബോധവത്കരണ പരിപാടി നടത്തി വരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭക വർഷം പരിപാടിയുടെ ഭാഗമായി എന്റർപ്രൈസ് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ്സിനെ നിയമിച്ചിട്ടുണ്ട്. സംരംഭക വർഷം പരിപാടിയുടെ ഭാഗമായി ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്ങും ലോൺ മേളകളും സംഘടിപ്പിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ 2016 മുതൽ നാളിതുവരെ 2910 സംരംഭങ്ങൾ ഗുരുവായൂർ മണ്ഡലത്തിൽ ആരംഭിക്കുകയും 216.13 കോടി രൂപയുടെ നിക്ഷേപവും 5955 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിവിധ സബ്സിഡി പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിലൂടെ 165 സംരംഭത്തിനും ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലൂടെ 45 സംരംഭത്തിനും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം മുഖാന്തിരം 57 സംരംഭത്തിനും മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ്സ് സ്കീമിലൂടെ 12 സംരംഭത്തിനും നാനോ സംരംഭങ്ങൾക്കുള്ള പലിശ ഇളവ് സഹായ പദ്ധതിയിലൂടെ 10 സംരംഭത്തിനും ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. താലൂക്ക് തല എക്സിബിഷൻ നടത്തി ഗുരുവായൂർ മണ്ഡലത്തിലെ സംരംഭങ്ങൾക്ക് വിപണന സഹായം നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ? | (ബി) | ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചുവടെ കൊടുക്കുന്നു : |

| | | | |
|---|---|---|---|
| | | | (1).പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി - 8 കോടി രൂപ വായ്പ.<br><br>(2).മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ്സ് - 20,70,000/- രൂപ സബ്സിഡി.<br><br>(3).പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം - 1.10 കോടി രൂപ ലോൺ.<br><br>(4).ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 1,30,000/- രൂപ പലിശ സബ്സിഡി.<br><br>(5).നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി - 60,000/- രൂപ പലിശ സബ്സിഡി |

സെക്ഷൻ ഓഫീസർ